"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ സമ്പൂർണ ശുചിത്വം കൈവരിക്കുന്നതിന് സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1755/2024/LSGD തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം:-
1. സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ ) രണ്ടാം ഘട്ട മാർഗ്ഗ രേഖ
2. സ.ഉ (ആർ ടി) നമ്പർ. 868/2024/ത സ്വ വ, തീയതി 18/05/2024
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/07/2024-ലെ 3376/A/2024/SM നമ്പർ കത്ത്.

**ഉത്തരവ്**

സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 132.75 കോടി രൂപ ലഭിക്കുകയും ആയതിൽ നിന്നും 2022- 23 സാമ്പത്തിക വർഷത്തിൽ 28 കോടി രൂപയും, 2023-24 വർഷത്തിൽ 61 കോടി രൂപയും ചെലവഴിച്ചിട്ടുള്ളതാണ് എന്നും പദ്ധതി നിർവഹണ കാലയളവ് 2025 ഒക്ടോബർ മാസം അവസാനിക്കാനിരിക്കെ 43.75 കോടി രൂപ ബാക്കിയുണ്ട് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചു.

കൂടാതെ, സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ട ബാലൻസ് തുക ഫലപ്രദമായി ചെലവഴിക്കുന്നതിലേക്കായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിൽ പൊതു സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ റേറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ് എന്നും ആയത് പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന അങ്കണവാടികൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങൾക്കാണ് പ്രഥമ പരിഗണന നൽകിയിരിക്കുന്നത് എന്നും പ്രസ്തുത ഇടങ്ങളിൽ ഖര ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ പൂർണ്ണ തോതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ നൽകിയാൽ ഇത്തരം ഇടങ്ങളിൽ നിന്ന് ഖരമാലിന്യവും മലിനജലവും പൊതുയിടങ്ങളിലേക്കും കാനകളിലേക്കും ജലാശയങ്ങളിലേക്കും എത്തിച്ചേരുന്ന സാഹചര്യം ഒഴിവാക്കുന്നതോടൊപ്പം പൊതു ശുചിത്വവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗവും കൂടുതൽ ഫലപ്രദമായി നടത്തുന്നതിനും സാധിക്കും എന്നും ഈ സാഹചര്യത്തിൽ പൊതു സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ മഖലകളിൽ ഖര-ദ്രവ മാലിന്യസംസ്കരണ പദ്ധതികൾക്ക് സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് വിനിയോഗം പൂർണ്ണമായും ഉറപ്പാക്കി നടപ്പ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ കർശനമായി ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ

പരാമർശം(2) പ്രകാരം അഭ്യർഥിച്ചു.

സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നത് സംബന്ധിച്ച ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു സ്ഥാപനങ്ങൾ. പൊതുയിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ ഖര-ദ്രവ മാലിന്യസംസ്കരണ പദ്ധതികൾക്ക് സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് വിനിയോഗം പൂർണ്ണമായും ഉറപ്പാക്കി നടപ്പ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിൽ പൊതു സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ റേറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത മേഖലകൾക്ക് അനുയോജ്യമായ മാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾ, ഫണ്ട് വകയിരുത്തേണ്ട രീതി എന്നിവ അനുബന്ധം 1 ആയും സ്വച്ച് ഭാരത് മിഷൻ രണ്ടാംഘട്ട മാർഗരേഖ പ്രകാരം ഓരോ ഘടകത്തിനും തുക വകയിരുത്തി ചെലവഴിക്കേണ്ട രീതി അനുബന്ധം 2 - ആയും ഈ ഉത്തരവിനൊപ്പം ചേർത്തിരിക്കുന്നു.

സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ട മാർഗ്ഗ രേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഭാവനം ചെയ്യുമ്പോൾ തുക തികയാതെ വരുന്ന സാഹചര്യത്തിൽ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം, 15-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്, പരാമർശം(4) ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ശുചിത്വ കേരളം (റൂറൽ) വിഹിതം എന്നിവ മേൽ പറഞ്ഞ തുകയുടെ കുറവ് നികത്തുന്നതിനായി വകയിരുത്തി നിർവഹണം പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
അക്കൗണ്ടന്റ് ജനറൽ(എ& ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 24-09-2024 15:03:48
സെക്ഷൻ ഓഫീസർ

അനുബന്ധം 1

**ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം**

**ശുചിത്വ - മാലിന്യ സംസ്കരണ - വിവര വിജ്ഞാന വ്യാപന പ്രവർത്തങ്ങൾ**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിഹിതം**

**(കമ്മ്യൂണിറ്റി തലം എന്ന നിലയിൽ )**

| ക്രമ നമ്പർ | മേഖല | ഘടകം | സാങ്കേതിക വിദ്യ | ഏകദേശ ബഡ്ജറ്റ് (R.S) | ഫണ്ട് വിഹിതം ( ശതമാനത്തിൽ) | | |
|---|---|---|---|---|---|---|---|
| | | | | | SBM (G) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | SK (R) |
| 1. | അങ്കണവാടികൾ | ശുചിമുറികൾ | ആധുനിക നിർവ്വഹണ രീതി | എസ്റ്റിമേറ്റ് പ്രകാരം | 2,10,000/- | 90,000/- | |
| | | മലിനജല സംസ്കരണം | സോക്ക്പിറ്റ് | 30000 / യൂണിറ്റ് | എസ്റ്റിമേറ്റ് തുകയുടെ 70% | 30% | |
| | | ജൈവമാലിന്യ സംസ്കരണം | കമ്പോസ്റ്റ് യൂണിറ്റ് | 2000 / യൂണിറ്റ് | | | യൂണിറ്റ് കോസ്റ്റിന്റെ 100% |
| | | അജൈവമാലിന്യ സംഭരണം | മിനി MCF | 7000/ യൂണിറ്റ് | 70% | 30% | |
| | | വാൾ ബ്യൂട്ടിഫിക്കേഷൻ & ഐ ഇ സി | ചുമർചിത്രങ്ങൾ& ബോർഡുകൾ | 5000 / യൂണിറ്റ് | ജില്ലാ മിഷനിലെ ഐ.ഇ.സി. ഫണ്ട് ലഭ്യത അനുസരിച്ച് | | |
| 2. | സ്കൂളുകൾ | ശുചിമുറികൾ | ആധുനിക നിർവ്വഹണ രീതി | എസ്റ്റിമേറ്റ് പ്രകാരം | 2,10,000/- | 90,000/- | |
| | | മലിനജല സംസ്കരണം * | സോക്ക്പിറ്റ് / ഡീവാട്സ് etc. | എസ്റ്റിമേറ്റ് പ്രകാരം | 70% | 30% | |
| | | ജൈവമാലിന്യ സംസ്കരണം | ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ / തമ്പൂർമുഴി | എസ്റ്റിമേറ്റ് പ്രകാരം | 70% | 30% | 100% |
| | | അജൈവമാലിന്യ സംഭരണം | മിനി MCF | 7000/ യൂണിറ്റ് | 70% | 30% | |
| | | വാൾ ബ്യൂട്ടിഫിക്കേഷൻ & ഐ ഇ സി | ചുമർചിത്രങ്ങൾ& ബോർഡുകൾ | 10000/ യൂണിറ്റ് | ജില്ലാ മിഷനിലെ ഐ.ഇ.സി ഫണ്ട് ലഭ്യത അനുസരിച്ച് | | |
| 3. | ആശുപത്രികൾ | ശുചിമുറികൾ | ആധുനിക നിർവ്വഹണ രീതി | എസ്റ്റിമേറ്റ് പ്രകാരം | 2,10,000/- | 90,000/- | |
| | | മലിനജല സംസ്കരണം * | ഡീവാട്ട്സ് GWM | എസ്റ്റിമേറ്റ് പ്രകാരം | 70% | 30% | |
| | | ജൈവമാലിന്യ സംസ്കരണം | കമ്പോസ്റ്റ് യൂണിറ്റ് | 2000 / യൂണിറ്റ് | | | 100% |
| | | അജൈവമാലിന്യ സംഭരണം | മിനി MCF | 7000 / യൂണിറ്റ് | 70% | 30% | |
| | | വാൾ ബ്യൂട്ടിഫിക്കേഷൻ & ഐ ഇ സി | ചുമർചിത്രങ്ങൾ & ബോർഡുകൾ | 15000/- | ജില്ലാ മിഷനിലെ ഐ.ഇ.സി ഫണ്ട് ലഭ്യത അനുസരിച്ച് | | |
| 4. | വിനോദ സഞ്ചാര കേന്ദ്രങ്ങൾ | ശുചിമുറികൾ | ആധുനിക നിർവ്വഹണ രീതി | എസ്റ്റിമേറ്റ് പ്രകാരം | 2,10,000/ | 90,000/- | പദ്ധതിയിൽ വകയിരുത്തിയ സംസ്ഥാന വിഹിതം |
| | | മലിനജല സംസ്കരണം * | ഡീവാട്ട്സ്, GWM. | എസ്റ്റിമേറ്റ് പ്രകാരം | 70% | 30% | |
| | | കക്കൂസ് മാലിന്യം * | ഫീക്കൽസ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (FSTP) | എസ്റ്റിമേറ്റ് പ്രകാരം | | | |
| | | ജൈവമാലിന്യ സംസ്കരണം | കമ്പോസ്റ്റ് യൂണിറ്റ് | 2000 / യൂണിറ്റ് | | | 100% |
| | | അജൈവമാലിന്യ സംഭരണം | മിനി MCF | 7000 / യൂണിറ്റ് | 70% | 30% | |
| | | | | | ജില്ലാ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാൾ ബ്യൂട്ടിഫിക്കേഷൻ & ഐ ഇ സി | ചുമർചിത്രങ്ങൾ & ബോർഡുകൾ | 25000/ | മിഷനിലെ ഐ.ഇ.സി ഫണ്ട് ലഭ്യത അനുസരിച്ച് | | |
| 5. | ബസ് സ്റ്റാന്റുകൾ | ശുചിമുറികൾ | ആധുനിക നിർവ്വഹണ രീതി | എസ്റ്റിമേറ്റ് പ്രകാരം | 2,10,000/- | 90,000/- | പ്രോജക്റ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതം |
| | | മലിനജല സംസ്കരണം * | ഡീവാട്ട്സ് GWM etc. | എസ്റ്റിമേറ്റ് പ്രകാരം | 70% | 30% | |
| | | ജൈവമാലിന്യ സംസ്കരണം | കമ്പോസ്റ്റ് യൂണിറ്റ് | 2000 / യൂണിറ്റ് | | | 100% |
| | | അജൈവമാലിന്യ സംഭരണം | മിനി MCF | 7000 / യൂണിറ്റ് | 70% | 30% | |
| | | വാൾ ബ്യൂട്ടിഫിക്കേഷൻ & ഐ ഇ സി | ചുമർചിത്രങ്ങൾ & ബോർഡുകൾ | 25000/ | ജില്ലാ മിഷനിലെ ഐ.ഇ.സി ഫണ്ട് ലഭ്യത അനുസരിച്ച് | | |

*10 KLD യിൽ കൂടുതൽ പ്രതിദിന മലിനജല / കക്കൂസ് മാലിന്യ ഉൽപ്പാദനം വരുന്ന സ്ഥാപനങ്ങളിൽ STP/FSTP നിർബന്ധം

**അനുബന്ധം 2**

**എസ്. ബി. എം. ഒറ്റനോട്ടത്തിൽ**

| ക്രമ നം. | ഘടകങ്ങൾ | വകയിരുത്താവുന്ന തുക | | | റിമാർക്സ് |
|---|---|---|---|---|---|
| | | എസ്.ബി.എം | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്/ പ്ലാൻ ഫണ്ട് | ആകെ | |
| 1 | വ്യക്തിഗത കക്കൂസ് | 12000 | 3400 | 15400 | ഒരു യൂണിറ്റിന് |
| 2. | കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് | 210000 | 90000 | 300000 | ഒരു യൂണിറ്റിന് |
| 3 | ഖരമാലിന്യ സംസ്കരണ പദ്ധതികൾ (കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനം, ട്രൈസൈക്കിൾ/ബാറ്ററി വാഹനം/മോട്ടോറൈസ്ഡ് വാഹനം, പ്ലാസ്റ്റിക്ക് ശേഖരണ യൂണിറ്റ്)<br>• ജനസംഖ്യ ≤ 5000<br>• ജനസംഖ്യ ≥ 5000 | Rs.42/- ആളോഹരി<br>Rs.31.50/ ആളോഹരി | Rs.18/- ആളോഹരി<br>Rs.13.50/- ആളോഹരി | | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 4. | സോക്കേജ് പിറ്റ് സംവിധാനം (വ്യക്തിഗതം) | | | | MGNEGS മുഖേന |
| 5 | ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ<br>• ജനസംഖ്യ ≤ 5000<br>• ജനസംഖ്യ ≥ 5000<br>(കമ്മ്യൂണിറ്റി സോക്ക് പിറ്റ്/ WSP/Dewats/മാജിക് പിറ്റ്സ്/ലീച്ച് പിറ്റ്) | Rs.196/- ആളോഹരി<br>Rs.462/- ആളോഹരി | Rs.84/- ആളോഹരി<br>Rs.198/- ആളോഹരി | | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 6. | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക് തലം) | Rs.1600000/ | | | ഒരു യൂണിറ്റിന് |
| 7. | ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ജില്ലാതലം) | Rs.230/- ആളോഹരി | | | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 8. | ഗോബർദ്ധൻ (ജില്ലാതലം) | 5000000 പ്രോജക്ട് കാലാവധി 2025 നകം | | | ഒരു ജില്ലയ്ക്ക് |
| 9 | ഐ.ഇ.സി & ശേഷിവികസനം | 3% | | | |
| 10. | ഭരണചെലവ് | 1% | | | |

- സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിന്റെ ആകെ ആളോഹരി വിഹിതത്തിൽ അധികരിച്ചു വരുന്ന പ്രോജക്ടിനുള്ള അധിക തുക തദ്ദേശ സ്ഥാപനങ്ങൾ മറ്റ് ഫണ്ടുകളിൽ(പ്ലാൻ ഫണ്ട്/തനത് ഫണ്ട്/CSR ഫണ്ട്/MLA/MP ഫണ്ട്) നിന്ന് കണ്ടെത്തേണ്ടതാണ്.